ഉത്തരം

(എ) കല്ലട ജലസേചന പദ്ധതിയുടെ കായംകുളം ബ്രാഞ്ച് കനാൽ നിർമ്മിക്കേണ്ടതില്ലാ എന്ന് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിരുന്നു എന്നതല്ലാതെ ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ബി) സ്ഥലം എം.എൽ.എ.യിൽ നിന്നും നിവേദനം ലഭിച്ചിരുന്നു. എന്നാൽ മണൽപ്രദേശമായതിനാൽ കനാൽ ജലസേചനം ഈ പ്രദേശത്തു ഫലപ്രദമാകില്ല എന്ന കാരണത്താലാണ് പ്ലാനിംഗ് ബോർഡ് ഈ ബ്രാഞ്ചുകനാൽ നിർമ്മിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചത്.

(സി) ഇല്ല.

(ഡി)&(എഫ്) കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാൽ മലയൻ കനാൽ എന്നിവയുടെ സംരക്ഷണപ്പണികൾക്ക് വേണ്ടിയുള്ള ഒരു റിപ്പോർട്ട് 1997 ആഗസ്റ്റ് മാസത്തിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ റിപ്പോർട്ട് തയ്യാറാക്കിയതിൽ ചില സാങ്കേതിക തകരാറുകൾ ഉൾപ്പെട്ടതായി കണ്ടെത്തുകയുണ്ടായി. അവ പരിഹരിക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒരു ചർച്ച 18.4.1998-ൽ നടത്തിയിട്ടുണ്ട്. ചർച്ചയിൽ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സാങ്കേതിക തകരാറുകൾ ബോധ്യപ്പെടുത്തുകയും അവ പരിഹരിച്ചുകൊണ്ടുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. അപാകതകൾ പരിഹരിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിവതും പെട്ടെന്നുതന്നെ സാങ്കേതിക പരിശോധനകൾക്കുശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പ്രോജക്ട് അട്ടിമറിക്കാനായി വകുപ്പിലെ ഉദ്യോഗസ്ഥരാരുംതന്നെ ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ ജോലികൾ ഏറ്റെടുത്തു നടത്തുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധിയിൽപ്പെട്ടിട്ടില്ല.

43 (1688) സ്ലോ ബാൻഡ് ഫിൽറ്ററിന്റെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല വാട്ടർ സപ്ലൈ സ്കീമിൽ കഴിഞ്ഞ ഡി.ആർ.ഡബ്ല്യൂ-യിൽ അനുവദിച്ച സ്ലോ ബാൻഡ് ഫിൽറ്ററിന്റെ പണി ഇക്കൊല്ലംതന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

കഴിഞ്ഞ ഡി.ആർ.ഡബ്ല്യൂ (ഡ്രോട്ട് റിലീഫ് വർക്സ്) ശുപാർശ ചെയ്തിരുന്ന പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് 14 ലക്ഷം രൂപയായിരുന്നു. എന്നാൽ ഈ പണി അനുവദിച്ച സമയത്തിനുള്ളിൽ ഏറ്റെടുത്തു പൂർത്തീകരിക്കുവാൻ കഴിയുകയില്ലാ എന്നതിനാൽ ഡി.ആർ.ഡബ്ല്യൂ.വിൽ ഉൾപ്പെടുത്തിയില്ല. ആവശ്യമായ ഫണ്ട് ലഭ്യമായാൽ ഈ വർഷം തന്നെ ഈ പണി ഏറ്റെടുത്തു പൂർത്തിയാക്കുന്നതാണ്. ഇതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly